ആണെന്നുള്ള വാദം ഉന്നയിക്കുന്ന നിങ്ങളുടെ തൊലിക്കട്ടി അപാരം തന്നെ. ഗൗരവമേറിയ ഈ പ്രശ്നം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, ക്രയശക്തി വർദ്ധിച്ചിരിക്കുന്നു; രണ്ട്, വിതരണ ശൃംഖല നല്ലപ്പോലെ വിലക്കയറ്റത്തെ തടസ്സപ്പെടുത്തുന്നുണ്ട്. ഇത് രണ്ടും ശരിയല്ല. ഇവിടെ അവതരിപ്പിച്ചത് കഴിഞ്ഞ കൊല്ലങ്ങളിലെ വിലക്കയറ്റമല്ല; കഴിഞ്ഞ 5 മാസത്തിലെ വിലക്കയറ്റമാണ്. ഈ 5 മാസത്തിനകത്ത് എന്ത് ക്രയശക്തിയാണ് വർദ്ധിച്ചിരിക്കുന്നത്? ആരുടെ ക്രയശക്തിയാണ് വർദ്ധിച്ചിരിക്കുന്നത്? ഇനി ക്രയശക്തി വർദ്ധിക്കുന്നുണ്ടെങ്കിൽതന്നെ ആരുടെയാണ്? ശമ്പളം ലഭിക്കുന്ന ആരെങ്കിലുടേയോ? അതൊരു ചെറിയ വിഭാഗമാണ്. നമ്മുടെ കർഷകരെ സംബന്ധിച്ചിടത്തോളം, കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, ക്രയശക്തി വർദ്ധിക്കുവാനായിട്ട് ഒന്നും നടന്നിട്ടില്ല. അവരുടെ ക്രയശക്തി വർദ്ധിക്കണമെങ്കിൽ കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിക്കണം. ഇന്ന് അതിനെ സ്പർശിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. അതിന്റെ ഒന്നും വിലവർദ്ധനവ് ഇവിടെയുണ്ടായിട്ടില്ല. അവർക്ക് ഗുണപരമായ യാതൊരു സംവേവികാസങ്ങളുമുണ്ടായിട്ടില്ല. അതുപോലെതന്നെ പൊതു വിതരണ ശൃംഖല ഈ കഴിഞ്ഞ കാലങ്ങളിൽ വളരെ ദുർബലമായിത്തീർന്നിരിക്കുകയാണ്, പ്രത്യേകിച്ചും മാവേലി സ്റ്റോർ. മാവേലി സ്റ്റോറുകളിൽ പലതിലും പല സാധനങ്ങളുമില്ല. അവശ്യ സാധനങ്ങളില്ല. റേഷൻ ഷാപ്പുകളെ സപ്ലിമെന്റ് ചെയ്യാനായിട്ട് മാവേലി സ്റ്റോറുകൾ തുടങ്ങി. ഇന്ന് ആ മാവേലി സ്റ്റോറുകളെ സപ്ലിമെന്റ് ചെയ്യാനായിട്ട് സാധിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ വിലക്കയറ്റം രൂക്ഷമായ നിലയിലെത്തിയിരിക്കുകയാണ്. ഇത് ചർച്ച ചെയ്യേണ്ടതാണ്. ചർച്ച ചെയ്യുവാൻ അനുവദിക്കുകയില്ല എന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

IV. ശ്രദ്ധക്ഷണിക്കൽ

(1) ഗവാളിയാർ റയോൺസിൽനിന്ന് ഒഴുക്കിവിടുന്ന മാലിന്യങ്ങൾ

ശ്രീ. കെ. കെ. അബു: ഞാൻ തന്നെ മുൻകൈയെടുത്ത് ഈ സഭയിൽ അവതരിപ്പിച്ചതും പരിഹരിക്കപ്പെടാത്തതും വളരെ വേദനാജനകവുമായ ഒരു കാര്യമാണ് എനിക്കിവിടെ ഉന്നയിക്കുവാനുള്ളത്. മലബാറിൽ പരിശുദ്ധമായ ഒരു നദിയും അതിന്റെ തീരത്തുള്ള നിഷ്കളങ്കരായ കുറെ ഗ്രാമവാസികളും ഒരു കുത്തക വ്യവസായത്തിന്റെ ഉന്നമനത്തിനുവേണ്ടി അനുദിനം ബലിയാടുകളായിക്കൊണ്ടിരിക്കുകയാണ്. മാവൂർ ഗവാളിയാർ റയോൺസിൽനിന്നും പുറത്തുവിടുന്ന വിഷപ്പുകയും ചാലിയാറിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒഴുക്കിവിടുന്ന മാലിന്യങ്ങളും പരിസരവാസികളെ മാരകമായ ക്യാൻസർ, ഹൃദ്രോഗം, ആസ്ത്മ തുടങ്ങിയ രോഗങ്ങൾക്ക് അടിമകളാക്കുകയാണ്. 1995-ൽ വാഴക്കാട് പഞ്ചായത്തിൽമാത്രം ക്യാൻസർ രോഗംമൂലം 25 പേർ മരിച്ചു. ഇതിൽ 24 പേരുടെ മരണം ക്യാൻസർ രോഗം മൂലമാണെന്ന് പഞ്ചായത്തിലെ ഔദ്യോഗിക ഡെത്ത് രജിസ്റ്ററർതന്നെ വ്യക്തമാക്കുന്നുണ്ട്. ഡെത്ത് രജിസ്റ്ററിൽ പേരുവരാത്ത, ക്യാൻസർ മരണങ്ങൾ അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് പ്രദേശത്തുനിന്നും മരിക്കുന്നവരുടെ പേര് മാത്രമാണ് ഡെത്ത് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. ക്യാൻസർ രോഗികളുടെ അവസാനകാലം വളരെ വേദനാപൂർണ്ണമായതിനാൽ, അധികം രോഗികളും ഈ പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സയിലിരിക്കെയാണ് മരണപ്പെടുന്നത്. അവരുടെ എണ്ണംകൂടി കണക്കാക്കിയാൽ ഈ കൊച്ചു ഗ്രാമപഞ്ചായത്തിലെ ക്യാൻസർ മരണം മാരകമായതോതിൽ വർദ്ധിക്കുകയാണ്. 100-ൽ 3 മരണം ക്യാസർമൂലമാകാമെന്നാണ് ഇൻഡ്യയിലെ ക്യാൻസർ മരണത്തിന്റെ ശരാശരി നിരക്ക്. ഇവിടെയാകട്ടെ 83 മരണം സംഭവിച്ചതിൽ 28 എണ്ണം ക്യാൻസർ രോഗംമൂലമാണ്. ഹാർട്ട് അറാക്ക്, ആസ്ത്മ തുടങ്ങിയ രോഗങ്ങൾമൂലമുള്ള മരണങ്ങൾ വാഴക്കാട്, വാഴിയൂർ പഞ്ചായത്തുകളിൽ വളരെക്കൂടുതലാണ്. ഇത് കേവലം വാഴക്കാട്, വാഴിയൂർ പഞ്ചായത്തുകളിലെ മാത്രം അവസ്ഥയല്ല. മലപ്പുറം, കോഴിക്കോട് ജില്ലാ അതിർത്തികളിൽപ്പെട്ട ഒരു ഡസനോളം പഞ്ചായത്തുകളിലും ഇതുതന്നെയാണ് അവസ്ഥ. വാഴക്കാട് പഞ്ചായത്തിൽ മാത്രമാണ് ഇതു സംബന്ധിച്ച് പ്രാഥമിക ആരോഗ്യ സർവ്വേ നടത്തിയത്. അതിന്റെ ഫലം ഞെട്ടിക്കുന്നതായിരുന്നു. കഴിഞ്ഞ 5 വർഷത്തിനിടയിൽ 215 പേർ ക്യാൻസർ രോഗം ബാധിച്ച് മരിച്ചു എന്നാണ് സർവേ വെളിപ്പെടുത്തിയത്. ഇപ്പോൾ ഇവിടെ നൂറോളം പേർ ക്യാൻസർ ചികിത്സയിലാണ്. 1995 ഒക്ടോബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വാഴക്കാട് പഞ്ചായത്തിൽവച്ച് ഒരു ക്യാൻസർ ഡിറക്ഷൻ ക്യാമ്പ് നടന്നു. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ഡോക്ടർ ബാബു മാത്യു 71 പേരെ പരിശോധിച്ചതിൽ 21 പേർക്ക് ക്യാൻസർ രോഗമുണ്ടെന്ന് കണ്ടെത്തി. 20 പേർക്ക് ക്യാൻസർ സാദ്ധ്യതയും കണ്ടെത്തി. ഈ ഡിറ്റക്ഷൻ ക്യാമ്പിലും അതുപോലെതന്നെ ഈയിടെ നടന്ന രോഗ നിർണ്ണയ സർവ്വേയിലും ധാരാളം ക്രമക്കേടുകളും അനീതികളും നടന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. രോഗനിർണ്ണയ സർവ്വേയുടെ ഫോറം തയ്യാറാക്കിയതിൽതന്നെ ചില സംശയങ്ങളുണ്ട്. മാവൂർ ഗ്രാസിം കമ്പനിയെ രക്ഷിക്കണമെന്ന ദുരുദ്ദേശത്തോടെയാണ് രോഗ നിർണ്ണയ സർവ്വേ നടത്തിയതെന്ന സംശയവും ഈ രോഗത്തെ ജനവിഭാഗങ്ങളിലുണ്ട്. പുകവലി, വെറ്റില മുറുക്ക്, മദ്യപാനം തുടങ്ങിയവമൂലമുള്ള രോഗങ്ങൾ സംബന്ധിച്ച് മാത്രമാണ് രോഗ നിർണ്ണയ സർവ്വേയിൽ ചോദിച്ചിരിക്കുന്നത്. പുകവലിയും വെറ്റില മുറുക്കുംമൂലമാണ് ഇത്രയധികം ക്യാൻസർ രോഗികൾ ഈ ഭാഗങ്ങളിലുണ്ടായിരിക്കുന്നത് എന്നു വരുത്തിത്തീർക്കാനുള്ള ഒരു ശ്രമം ഇതിനു പിന്നിൽ ഉണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പുകവലിയും വെറ്റില മുറുക്കും വാഴക്കാട് പഞ്ചായത്തിന്റെ മാത്രം പ്രത്യേകതയൊന്നുമല്ല, അതെല്ലായിടത്തുമുള്ളതു തന്നെയാണ്. 1974-ലെ രാമനിലയം കരാർ പ്രകാരം വിഷജലം ശുദ്ധീകരിച്ച് 8 കിലോമീറ്റർ താഴെയുള്ള ചുങ്കപ്പള്ളി ഭാഗത്തു മാത്രമേ ഒഴുക്കാൻ പാടുള്ളൂ. എന്നാൽ ഇളമരം, മനന്തൽകടവ് തുടങ്ങിയ സ്ഥലങ്ങളിൽ ഇപ്പോഴും വിഷജലം ഒഴുകുന്നതായിട്ടാണ് അനുഭവം. എല്ലാ കരാറുകളും കാറ്റിൽ പറത്തി, ശുദ്ധീകരിക്കാത്ത വിഷജലം രാത്രിസമയങ്ങളിൽ അനധികൃത ബൈപാസുകളിലൂടെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഒഴുക്കുന്നത്. മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിലെ ആസിഡ് ഉല്പാദന പ്ലാന്റ് മുതലായവയാണ് രൂക്ഷമായ വായു മലിനീകരണത്തിന് പ്രധാന കാരണം. ഇതിൽ നിന്നും പുറത്തേയ്ക്ക് വിടുന്ന സൾഫർ ഡയോക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ് തുടങ്ങിയ വിഷവാതകങ്ങൾ ഏൽക്കുന്ന ഭാഗങ്ങളിൽ ക്യാൻസർ, ഹൃദ്രോഗം, ആസ്ത്മ തുടങ്ങിയ മാരക രോഗങ്ങൾ പിടിപെടുന്നവരുടെ എണ്ണം ഭയാനകമാംവിധം വർദ്ധിച്ചിരിക്കയാണ്. അതുകൊണ്ട് മാവൂരിലെ ആസിഡ് പ്ലാന്റും ഉൽപ്പാദന പ്ലാന്റും അടച്ചു പൂട്ടണം. അങ്ങനെ ചെയ്യുന്നത് റയോൺസ്, പൾപ്പ് ആൻറ് ഫൈബർ ഫാക്ടറി എന്നിവയുടെ പ്രവർത്തനത്തിന് തടസ്സമല്ലെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. 50-ൽ താഴെ തൊഴിലാളികൾ മാത്രമാണ് ഈ രണ്ട് പ്ലാന്റുകളിലായി ജോലി ചെയ്യുന്നത്. ഇവരെ പൾപ്പ് ഡിവിഷനിലേയ്ക്ക് മാറ്റാവുന്നതാണ്. തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുകയില്ല. വാഴക്കാട്, വാഴിയൂർ പഞ്ചായത്തുകളിലെ ഈ ഭീകരാവസ്ഥ കാരണം ആ പ്രദേശങ്ങളിലുള്ളവരെ വിവാഹം കഴിക്കാൻ പോലും ചെറുപ്പക്കാർ മടിക്കുന്നതായി ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വാഴക്കാട് പഞ്ചായത്ത് പ്രസിഡൻറ് പറയുകയുണ്ടായി. ഇത്ര ഭീകരമായ ഒരവസ്ഥയുണ്ടാക്കാൻ ഒരു വ്യവസായത്തേയും നമ്മൾ അനുവദിക്കാൻ പാടില്ല. ജനങ്ങൾക്ക് വേണ്ടിയാണ് വ്യവസായം, ജനങ്ങളെ നശിപ്പിച്ചുകൊണ്ട് ഒരു വ്യവസായവും ഈ നാട്ടിൽ ആവശ്യമില്ല. അത്യന്തം ഗുരുതരമായ ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട ഗവൺമെൻറ് ആത്മാർത്ഥതയോടെ ഇടപെട്ട് ഈ പ്രദേശത്തെ പാവങ്ങളെ രക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. മാവൂർ ഗ്രാസിം ഫാക്ടറിയിലെ വിഷജലം ശുദ്ധീകരിക്കുന്നതിന് പ്രായോഗികവും, ശാസ്ത്രീയവുമായ ശുദ്ധീകരണ നടപടികളേർപ്പെടുത്തുകയും, ശുദ്ധീകരണ പ്രവർത്തനങ്ങളുടെ ചുമതല ഫാക്ടറിയുടെ ചെലവിൽ സർക്കാർ നേരിട്ടേറെടുത്തു നടത്തുകയും ചെയ്യണം; മലിനജലം ശുദ്ധീകരിച്ച് കടലിൽ കളയണം, ഫാക്ടറിയിൽ നിന്നും ഉയരുന്ന പുകയിൽ വിഷാംശമില്ലെന്ന് ഉറപ്പുവരുത്തണം. എത്ര വലിയ വ്യവസായിയായാലും ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നതരത്തിൽ ഫാക്ടറികൾ നടത്തി ലാഭമുണ്ടാക്കാൻ പ്രബുദ്ധമായ കേരളത്തിൽ അനുവദിക്കാൻ പാടില്ല എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരഭ്യർത്ഥനകൂടിയുണ്ട്. മെഡിക്കൽ ക്യാമ്പുകൾ നല്ലതുതന്നെ. എന്നാൽ ഇവിടെ മെഡിക്കൽ ക്യാമ്പ് നടത്താൻ കാരണമായി വന്ന മലിനീകരണം ഒഴിവാക്കുകയാണ് നമ്മുടെ ലക്ഷ്യം. ആത്മാർത്ഥമായ നടപടികൾ താങ്കളുടെ ഭാഗത്തുനിന്നും ഞാൻ പ്രതീക്ഷിക്കുന്നു. എൻറെ നിയോജകമണ്ഡലത്തിലെ വാഴക്കാട്, വാഴിയൂർ പഞ്ചായത്തുകളിലെ ദുരിതമനുഭവിക്കുന്ന അനേകായിരം ജനങ്ങളെ ഈ വിപത്തിൽനിന്ന് രക്ഷിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ എൻറെ പ്രസംഗം അവസാനിപ്പിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തിലേക്കാണ് ബഹുമാനപ്പെട്ട അബുസാഹിബ് ഈ സഭയുടേയും ഗവൺമെൻറിൻറെയും ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. കഴിഞ്ഞ 4/7-ന് അബുസാഹിബ് ഇക്കാര്യത്തെ സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം സഭയിൽ കൊണ്ടുവന്നിരുന്നു. അന്ന് ഗ്രാസിം ഇൻഡസ്ട്രീസിൽനിന്നുള്ള മാലിന്യങ്ങളെക്കുറിച്ച് ജനങ്ങളിൽ നിന്നും പരാതി വന്നതിനെക്കുറിച്ചും ഫാക്ടറിയിൽനിന്നും മലിനജലം ഒഴുകിവന്നതിൻറെ ഫലമായി പൈപ്പുലൈനിൽ അറകുറപ്പണികൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനിടയിൽ മൂന്ന് തൊഴിലാളികൾ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ചുമാണ് അബ്ദുസാഹിബ് സഭയിൽ ഉന്നയിച്ചത്. ഇതിന്റെയടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ ഒരു ഉന്നതതല വിദഗ്ദ്ധ സംഘം അവിടെ സന്ദർശിച്ച് പരിശോധന നടത്തും എന്ന് ഞാൻ ഉറപ്പ് നൽകിയിരുന്നു. അതനുസരിച്ച് സംസ്ഥാന സർക്കാർ 22/8-ൽ ഒരു ഉന്നതതല കമ്മിറ്റിയെ അതിനുവേണ്ടി നിയോഗിക്കുകയുണ്ടായി. പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സംഘം മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിലെ മലിനീകരണ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുകയും ജനങ്ങളുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം നിരന്തരമായി ഗ്രാസിം ഇൻഡസ്ട്രീസ് ലംഘിച്ചിരുന്നു. അവിടത്തെ മലിനജലം പരിധിവിട്ട് പുറത്തേയ്ക്ക് ഒഴുക്കുന്നു എന്നു കണ്ടതിനെ തുടർന്ന് ജലമലിനീകരണ നിയന്ത്രണ നിയമത്തിന്റെ 33-ാം വകുപ്പ് പ്രകാരം കമ്പനിക്കെതിരെ കുന്ദമംഗലം ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ്സിൽ കമ്പനിക്കെതിരായിട്ട് വിധിയുണ്ടായി. പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിച്ചതിലും കൂടുതൽ മാലിന്യമുള്ള ജലമാണ് ചാലിയാർ പുഴയിലേക്ക് ഒഴുക്കുന്നത് എന്നതിനാൽ അതിനെ തടഞ്ഞുകൊണ്ടാണ് 4-9-1995-ൽ കുന്ദമംഗലം ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. പൊല്യൂഷൻ കൺട്രോൾ ബോർഡ് വീണ്ടും പരിശോധിച്ചു. അതിൽനിന്നും അവിടെ മലിനജലം ശരിയായിട്ട് ശുദ്ധീകരിക്കാതെ ചാലിയാർ പുഴയിലേക്ക് ഒഴുക്കുന്നതായി ശ്രദ്ധയിൽ പെട്ടതിനാൽ ജലമലിനീകരണ നിയന്ത്രണ നിയമത്തിലെ 41-ാം വകുപ്പ് പ്രകാരം കമ്പനി അധികാരികളെ പ്രോസിക്യൂട്ട് ചെയ്യാനുള്ള ഒരു കേസ് കൂടി 10-12-1995-ന് ഫയൽ ചെയ്തു. ആ കേസ്സിൻമേൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. ആ കേസ് കോടതിയുടെ പരിഗണനയിലാണ്. ഇതിനുശേഷം മലിനീകരണ നിയന്ത്രണ ബോർഡ് പല നിർദ്ദേശങ്ങളും കമ്പനിക്ക് നൽകിയിരുന്നു. പക്ഷേ കമ്പനി വീണ്ടും മലിനജലം ചാലിയാർ പുഴയിലേക്ക് ഒഴുക്കുന്നു എന്ന് ബോർഡിന് ബോദ്ധ്യമായതിനെ തുടർന്ന് ജല നിയമപ്രകാരം കൺസെന്റ് പുതുക്കുന്നതിനുള്ള കമ്പനിയുടെ അപേക്ഷ ബോർഡ് നിരസിച്ചു. ഇത് രേഖാമൂലം 12-1-1996-ൽ തന്നെ കമ്പനിയെ അറിയിക്കുകയും ചെയ്തു. ബോർഡിന്റെ ഈ നടപടിക്കെതിരായിട്ട് കമ്പനി മാനേജ്മെന്റും അവിടെയുള്ള എല്ലാ കക്ഷിയിൽപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കൻമാരും ഗവൺമെന്റിൽ നിവേദനവുമായി വന്നിരുന്നു; അവരുമായി ചർച്ച ചെയ്തിരുന്നു. ആ ചർച്ചയെത്തുടർന്ന് ഫാക്ടറിയിൽനിന്നുള്ള മലിന ജലത്തിന്റെ സാമ്പിളുകൾ ഇടയ്ക്കിടയ്ക്ക് പരിശോധിക്കണം എന്ന് നിർദ്ദേശം ഗവൺമെന്റ് കൊടുത്തു. അതനുസരിച്ച് ബോർഡ് സാമ്പിൾ ശേഖരിച്ച് നിരവധി സന്ദർഭങ്ങളിൽ പരിശോധിക്കുകയുണ്ടായി. ബോർഡ് നടത്തിയ പരിശോധനയിലും മലിന ജലത്തിൽ അനുവദിക്കപ്പെട്ട മാലിന്യങ്ങളുടെ പരിധി പൂർണ്ണമായി കൈവരിക്കാൻ സാധിച്ചിട്ടില്ല, അവിടെ കൂടുതൽ മാലിന്യങ്ങളുള്ള ജലം ഒഴുക്കുന്നു എന്നാണ് ശ്രദ്ധയിൽ പെട്ടിട്ടുള്ളത്. ഇതിനിടയിൽ ഗ്രാസിം ഇൻഡസ്ട്രീസ് വാട്ടർ അപ്പലേറ്റ് അതോറിറ്റിയിൽ ബോർഡിന്റെ നിരോധന ഉത്തരവിനെതിരായിട്ട് അപ്പീൽ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപ്പലേറ്റ് അതോറിറ്റി ബോർഡിൽനിന്നുമുള്ള നിരോധന ഉത്തരവ് 8-4-1996 വരെ സ്റ്റേ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊണ്ട് ഉത്തരവ് നൽകുകയും ചെയ്തു. അത് ഇപ്പോൾ വാട്ടർ അപ്പലേറ്റ് അതോറിറ്റിയുടെ സ്റ്റേയിലാണ് നിൽക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡ് അപ്പലേറ്റ് അതോറിറ്റിയുടെ മുമ്പിൽ ശക്തമായിട്ട് കേസ് വാദിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനാവശ്യമായ നിയമപരമായ നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിനിടയിൽ മറ്റൊരു പ്രധാനപ്പെട്ട സംഗതിയുള്ളത്, ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് തരികയും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാസിം ഇൻഡസ്ട്രീസ് പാലിക്കേണ്ട പുതുക്കിയ വ്യവസ്ഥകളും സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം പൊല്യൂഷൻ കൺട്രോൾ ബോർഡ് കമ്പനിക്ക് നൽകുകയും ചെയ്തിട്ടുള്ളതാണ്. ഈ നിർദ്ദേശങ്ങളും പാലിക്കാതിരിക്കുകയോ, സാധാരണ അനുവദനീയമായ പരിധിവിട്ട് മാലിന്യങ്ങളുള്ള ജലം ഒഴുക്കുന്നു എന്ന് ബോദ്ധ്യമാകുകയോ ചെയ്യുന്ന അവസരത്തിൽ കമ്പനിക്കെതിരായിട്ട് കർശനമായ നിയമ നടപടികളും സ്വീകരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരാളുപോലും നിയമത്തിനതീതനല്ല. സാധാരണക്കാരായ ജനങ്ങളെ വളരെയേറെ ബുദ്ധിമുട്ടിലാക്കുന്ന രീതിയിൽ മാലിന്യങ്ങളും ഒഴുക്കാൻ ആരെയും അനുവദിക്കുന്ന പ്രശ്നമില്ല. പൊല്യൂഷൻ കൺട്രോൾ ബോർഡ് കൊടുത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, നിയമപരമായി കമ്പനി പാലിക്കേണ്ട നടപടികളും, പാലിക്കാതിരുന്നാൽ അത് ലംഘിക്കുന്ന ഓരോ സന്ദർഭങ്ങളിലും പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ട്. അവർക്ക് എതിരായിട്ട് നിയമപരമായ, കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മടിക്കില്ല, നടപടി സ്വീകരിക്കുന്നതാണ്. ഒരുകാര്യം എടുത്തു പറയുന്നു, ഈ കമ്പനി പലപ്പോഴും നമ്മുടെ നാട്ടിലെ രാഷ്ട്രീയ, സാമൂഹ്യ ട്രേഡ്യൂണിയൻ പ്രസ്ഥാനങ്ങളോട്, കമ്പനിക്ക് എതിരായിട്ട് എന്തെങ്കിലും നടപടി വന്നാൽ കമ്പനി പൂട്ടുമെന്നുള്ള ഭീഷണി മുഴക്കുന്നുണ്ട്. ജീവനക്കാരെ പൂണ്ടിക്കാണിച്ചു കാണ്ട്. ജീവനക്കാരെ ബന്ദികളാക്കിക്കൊണ്ട് തങ്ങളുടെ ഇഷ്ടം കാരം എന്തും ചെയ്യും എന്നുള്ള ഭീഷണി ചില അവസരങ്ങളിൽ അവർ മുഴക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള യാതൊരു ഭീഷണിയും സമ്മർദ്ദങ്ങളും ഗവൺമെന്റ് വകവയ്ക്കില്ല, അംഗീകരിക്കില്ല. നിയമം പാലിക്കാൻ കമ്പനി ബാദ്ധ്യസ്ഥമാണ്; കമ്പനി നിയമം പാലിച്ചേ മതിയാകൂ, നിയമം കയ്യിലെടുക്കാനും ജനങ്ങളുടെ ജീവിതത്തെ പന്താടാനും ഇത്തരത്തിലൊരു കമ്പനിയെ അനുവദിക്കില്ലെന്നുള്ള കാര്യം വ്യക്തമാക്കുന്നു. അതോടൊപ്പംതന്നെ പ്രീയോഡിക്കലായിട്ട് മലിനജലം പരിശോധിച്ചു വരികയുമാണ്. ആ പരിശോധനയിൽ തൃപ്തികരമല്ലെങ്കിൽ ഇന്നുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

മറ്റൊരുകാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, മെഡിക്കൽ ക്യാമ്പിനെക്കുറിച്ചാണ്. ഞാൻ അവിടെ പോയി, ജനപ്രതിനിധികളുമായും പഞ്ചായത്ത് പ്രതിനിധികളുമായും സംസാരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നേരത്തെ നടത്തിയ മെഡിക്കൽ ക്യാമ്പു തൃപ്തികരമല്ലായിരുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജ്, ആർ.സി.സി., ആരോഗ്യ വകുപ്പ് എന്നീ വിഭാഗങ്ങളേയും ജനപ്രതിനിധികളേയും പഞ്ചായത്തുകളേയും ബ്ലോക്കുകളേയും വോളന്ററി സംഘടനകളേയും എല്ലാം പങ്കാളികളാക്കിക്കൊണ്ട് അവിടെയൊരു മെഡിക്കൽ ക്യാമ്പ് നടത്തി ആരോഗ്യവകുപ്പ് ഡയറക്ടർതന്നെ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ചുമതല വഹിക്കുകയുണ്ടായി. അതിന്റെ റിപ്പോർട്ട് ഗവൺമെൻറിന്റെ പരിശോധനയിലാണ്. ആ ക്യാമ്പിനെക്കുറിച്ച് ഇപ്പോഴാണ് അബുസാഹിബ് ചില പരാതികൾ ചൂണ്ടിക്കാണിച്ചത്. നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിൽ അപ്പോൾത്തന്നെ പരിഹാര മുണ്ടാക്കാൻ കഴിയുമായിരുന്നു. ഏതായാലും ആ ക്യാമ്പ് സാമാന്യം തൃപ്തികരമായി നടന്നു എന്നാണ് ഗവൺമെൻറിന് കിട്ടിയ വിവരം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി കൂടുതലായിട്ട് സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ഗവൺമെൻറ് സ്വീകരിക്കുന്നതാണ് എന്ന് പ്രത്യേകം പറയുന്നു.

ശ്രീ. കെ. കെ. അബു: സ്റ്റാഫ് പറയുന്നത് അവർ കാണേണ്ടവരെയെല്ലാംകണ്ടു, എല്ലാ ക്ലബ്ബുകൾക്കും 25,000 രൂപ വീതം കൊടുത്തു എന്നാണ്. അങ്ങനെയൊക്കെ പറഞ്ഞാലും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഞാൻ സംതൃപ്തനാണ്; ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിയതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കോഴിക്കോട് ജില്ലയിലെ ഒന്നു രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഈ സഭയിൽത്തന്നെ രണ്ടുമൂന്നു തവണ സബ്മിഷൻ ആയിട്ടും കാളിംഗ് അറ്റൻഷനായിട്ടും ഉന്നയിച്ചതാണ്. സഭയുടെ അവസാന ദിവസമായ ഇന്ന് അതേ വിഷയം തന്നെ ബഹുമാനപ്പെട്ട ഗവൺമെൻറിന്റെയും സഭയുടേയും മുമ്പിൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെ വീണ്ടും ഞാൻ അവതരിപ്പിക്കുകയാണ്. ഓർഡിനൻസുകൾ ഇറക്കാൻവേണ്ടി നിങ്ങളുടെ ക്യാബിനറ്റ് രാത്രിയും പകലുമൊക്കെ ഇരിക്കുന്നുണ്ടല്ലോ. പത്തഞ്ഞൂറോളം കുടുംബങ്ങൾ രണ്ടു മൂന്നു കൊല്ലങ്ങളായി മുഴുപ്പട്ടിണിയിൽ കിടക്കുകയാണ്. അങ്ങനെ പട്ടിണിയിൽകിടക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഇന്ന് രാത്രിയോ, നാളെ രാത്രിയോ, നാളെ പകലോ അരമണിക്കൂർ നേരമിരുന്ന് ചർച്ച ചെയ്യാനുള്ള സൻമനസ്സുണ്ടാകാൻ എന്റെ കാളിംഗ് അറ്റൻഷനിൽക്കൂടി സാധിക്കുമെങ്കിൽ ഈ സഭയിൽ വന്നതുകൊണ്ട് പ്രയോജനമുണ്ട്, സഭയിൽ ഇരിക്കുന്നതുകൊണ്ട് പ്രയോജനമുണ്ട് എന്ന വിശ്വാസത്തിലാണ് ഞാൻ ഇവിടെ ഇത് അവതരിപ്പിക്കുന്നത്. കോഴിക്കോട് ജില്ലയിൽ പൂട്ടിക്കിടക്കുന്ന പ്രധാനപ്പെട്ട രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ് കുന്നത്തറ ടെക്സ്റ്റയിൽസും കേരളാ സോപ്പ്സ് ആൻറ് ഓയിൽസും. ബിട്ടീഷുകാർ ആരംഭിച്ചതാണ് കേരള സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട്.

1963-ൽ കേരള സോപ്പ്സ് ആൻറ് ഓയിൽസ് കമ്പനിയാക്കി മാറ്റി. 1982-83-ൽ 9 കോടി 3 ലക്ഷം രൂപയുടെ സോപ്പ് ഉല്പാദനം ഉണ്ടായിരുന്നു. ഐ.എൻ.റ്റി.യു.സി., യു.റ്റി.യു.സി., ജെ.എസ്.യു.സി., സി.ഐ.റ്റി.യു. തുടങ്ങിയ സംഘടനകളുടെ തൊഴിലാളികൾ 92-ൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടുകൾ പരിശോധിച്ചാൽ, അസംസ്കൃത പദാർത്ഥത്തിനും, വേതനത്തിനുമെല്ലാം കൊടുത്ത സംഖ്യ തട്ടിച്ചു

LIBRARY ARCHIVES Kerala Legislative Assembly